## കേരള സർവകലാശാല

നം. പി.ആർ.132/2018 ഫോൺ : 2305738

### പത്രക്കുറിപ്പ്

**രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.ബി.എ പരീക്ഷാ ഫലം**

നവംബർ 2017–ൽ നടത്തിയ രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് എഫ്.ഡി.പി. സി.ബി.സി.എസ്. ബി.ബി.എ (195) പരീക്ഷയുടെ (2013 നു മുമ്പുള്ള അഡ്മിഷൻ)– 2010, 2011, സ്കീം സപ്ളിമെന്ററി) ഫലം വെബ്സൈറ്റിൽ.

**ബി.പി.എ മൃദംഗം (ഒന്നാം സെമസ്റ്റർ) പ്രാക്ടിക്കൽ പരീക്ഷ**

ജനുവരി 2018–ൽ നടത്തിയ ബി.പി.എ മൃദംഗം–ഒന്നാം സെമസ്റ്ററിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ശ്രീ സ്വാതിതിരുനാൾ സംഗീതകോളേജിൽ വച്ച് ജൂൺ 19 മുതൽ 21 വരെ നടത്തുന്നു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

**സർട്ടിഫിക്കറ്റ് ഇൻ ജർമ്മൻ /ഡിപ്ളോമ ഇൻ ജർമ്മൻ പരീക്ഷകൾ**

സർട്ടിഫിക്കറ്റ് ഇൻ ജർമൻ,ഡിപ്ളോമ ഇൻ– ജർമൻ പരീക്ഷകൾ ജൂൺ 25 ന് ആരംഭിക്കുന്നതാണ്. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

**എം.എ. ഹിന്ദി ( സെമസ്റ്റർ–1)ഇന്റേണൽ എക്സാമിനേഷൻ**

വിദൂരവിദ്യാഭ്യാസ പഠനവകുപ്പ് എം.എ. ഹിന്ദി ( സെമസ്റ്റർ–1) വിദ്യാർത്ഥികളുടെ ഇന്റേണൽ എക്സാമിനേഷൻ (ടെസ്റ്റ് പേപ്പർ) 23/06/2018– ന് രാവിലെ 10 മണിക്ക് കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസിൽവച്ച് നടക്കും. എല്ലാ വിദ്യാർത്ഥികളും കൃത്യസമയത്തുതന്നെ എത്തിച്ചേരണം.

**ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല**

വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന രണ്ടാം സെമസ്റ്റർ പി.ജി. കോൺടാക്റ്റ് ക്ലാസ് ജൂൺ 16,17 തീയതികളിൽ ഉണ്ടായിരിക്കുന്നതല്ല.

**ബി.എസ്.സി. (ആന്വൽ സ്കീം) പരീക്ഷാ ഫലം**

2018 ഫെബ്രുവരിയിൽ നടത്തിയ ബി.എസ്.സി. (ആന്വൽ സ്കീം) പാർട്ട് I,II,III സബ്സിഡിയറി സ്റ്റാറ്റിസ്റ്റിക്സ്, അക്കൗണ്ടിങ് പരീക്ഷക

ളുടെ ഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനക്കും ജൂലൈ 11 വരെ അപേക്ഷിക്കാവുന്നതാണ്. തോറ്റ വിദ്യാർത്ഥികൾക്ക് ഏപ്രിൽ 2018 സെഷനിലെ പരീക്ഷക്ക് പിഴ കൂടാതെ ജൂൺ 20 വരെയും 50 രൂപ പിഴയോടുകൂടി ജൂൺ 22 വരെയും 125 രൂപ സൂപ്പർ ഫൈനോടുകൂടി ജൂൺ 25 വരെയും അപേക്ഷിക്കാവുന്നതാണ്..

<u>ബി.എ. ആന്വൽ സ്കീം പാർട്ട് പരീക്ഷാ ഫലം</u>

2018 ഫെബ്രുവരിയിൽ നടത്തിയ ബി.എ. ആന്വൽ സ്കീം പാർട്ട് I,II പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. ഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനക്കും ജൂലൈ 12 വരെ അപേക്ഷിക്കാവുന്നതാണ്. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. തോറ്റ വിദ്യാർത്ഥികൾക്ക് ഏപ്രിൽ 2018 സെഷനിലെ പരീക്ഷക്ക് പിഴകൂടാതെ ജൂൺ 20 വരെയും 50 രൂപ ഫൈനോടുകൂടി ജൂൺ 22 വരെയും 125 രൂപ സൂപ്പർ ഫൈനോടുകൂടി ജൂൺ 25 വരെയും അപേക്ഷിക്കാവുന്നതാണ്.

<u>രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി. എസ് ബി.എസ്.സി കംപ്യൂട്ടർ സയൻസ് (320) പരീക്ഷാഫലം</u>

2017 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി. എസ് ബി.എസ്.സി കംപ്യൂട്ടർ സയൻസ് (320) (2016 അഡ്മിഷൻ- റെഗുലർ, 2015 അഡ്മിഷൻ ഇംപ്രൂവ്മെന്റ് 2014 & 2013 അഡ്മിഷൻ സപ്ളിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു വിശദ വിവരങ്ങൾ വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അവസാന തീയതി ജൂലൈ 06.

<u>രണ്ടാം സെമസ്റ്റർ ബി. എസ്. ഡബ്ളിയു ഫലം</u>

2017 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി. എസ് ബി. എസ്. ഡബ്ളിയു പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ. പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അവസാന തീയതി ജൂലൈ 06

<u>രണ്ടാം സെമസ്റ്റർ ബി.കോം കംപ്യൂട്ടർ ആപ്ലിക്കേഷൻസ് പരീക്ഷാ ഫലം</u>

2017 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി. എസ് ബി.കോം കംപ്യൂട്ടർ ആപ്ലിക്കേഷൻസ് (2015 സ്കീം–2016 അഡ്മിഷൻ –റഗുലർ, 2015 അഡ്മിഷൻ–സപ്ളിമെന്ററി/ഇൻപ്രുവാമെന്റ്, 2014 സ്കീം- സപ്ളിമെന്ററി, 2013 സ്കീം- സപ്ളിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണ്ണയ

ത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അവസാന തീയതി ജൂലൈ 6 വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

**നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് ഡിഗ്രി കോഴ്സുകളുടെ ഓൺലൈൻ രജിസ്ട്രേഷൻ**

ജൂലൈയിൽ നടത്തുന്ന നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് ഡിഗ്രി കോഴ്സുകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ ജൂൺ 21 വരെയും 50 രൂപ പിഴയോടുകൂടി ജൂൺ 23 വരെയും 125 രൂപ പിഴയോടുകൂടി ജൂൺ 26 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

**ഒന്നാം സെമസ്റ്റർ എംടെക് അഡ്മിഷൻ**

ഒന്നാം സെമസ്റ്റർ എംടെക് (എഫ് ടി/പി.ടി–2013 സ്കീമും)മൂന്നാം സെമസ്റ്റർ (പി.ടി–2013 സ്കീമും) ഒന്നാം സെമസ്റ്റർ എംടെക് (2008 സ്കീം–2012 അഡ്മിഷൻ (അഡീഷനൽ ചാൻസ്, ഒന്നാം സെമസ്റ്റർഎംടെക് 2008 സ്കീം (മെഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴകൂടാതെ ജൂൺ 23 വരെയും 50 രൂപ പിഴയോടുകൂടി ജൂൺ 27 വരെയും 125 രൂപ പിഴയോടുകൂടി ജൂൺ 30 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

**പ്രാക്ടിക്കൽ പരീക്ഷകൾക്ക് മാറ്റമില്ല**

സർവകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും, യു ഐ.ടി–കളിലും ജൂൺ 13 മുതൽ ജൂൺ 18 വരെ നടത്തുവാൻ തീരുമാനിച്ചിരുന്ന സയൻസ് വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷകൾക്ക് മാറ്റമുണ്ടായിരിക്കുന്നതല്ല.

**യു.ഐ.ടി പ്രിൻസിപ്പാൾ: അപേക്ഷ ക്ഷണിച്ചു.**

സർവകലാശാലയുടെ യു.ഐ.ടി സെന്ററുകളിലേക്ക് കരാറടിസ്ഥാനത്തിൽ പ്രിൻസിപ്പാൾ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു.
പൂരിപ്പിച്ച അപേക്ഷ, അനുബന്ധ രേഖകളുടെ പകർപ്പ്, ഫീസടച്ച രസീത്/ഡ്രാഫ്റ്റ് എന്നിവയോടൊപ്പം ജൂൺ 27 വൈകുന്നേരം 5–മണിക്ക് മുൻപായി സർവകലാശാലാ ആസ്ഥാനത്ത് എത്തിക്കേണ്ടതാണ്. വിശദ വിവരങ്ങളും അപേക്ഷാഫോമും വെബ്സൈറ്റിൽ.(www.keralauniversity.ac.in) **'job notification'** എന്ന ലിങ്കിൽ

# കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2018

## ഒന്നാം ഘട്ട അലോട്ട്മെന്റ്

കേരള സർവകലാശാലയുടെ 2018-19 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാനമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗ് ഇൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ സർവകലാശാല ഫീസ് ഓൺലൈനായോ, ചെലാൻ പ്രിന്റ് ഔട്ട് എടുത്ത് എസ്.ബി.ഐ. യുടെ ഏതെങ്കിലും ശാഖയിലോ ഒടുക്കേണ്ടതാണ്. സർവകലാശാല ഫീസ് ജനറൽ വിഭാഗത്തിന് 1525 രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 840 രൂപയുമാണ്. ഓൺലൈനായി ഫീസ് ഒടുക്കുന്നവർ ഫീസ് ഒടുക്കിയ ശേഷം ലഭ്യമാകുന്ന വിവരങ്ങൾ അടങ്ങിയ പേജിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. ചെലാൻ മുഖേന സർവകലാശാല ഫീസ് ഒടുക്കുന്ന അപേക്ഷകർ ഫീസ് അടച്ചതിനു ശേഷം ജൂൺ 18 വൈകുന്നേരം 5 മണിയ്ക്കകം അഡ്മിഷൻ വെബ്സൈറ്റിൽ ലോഗ് ഇൻ ചെയ്ത് ഫീസ് ഒടുക്കിയതിന്റെ വിവരം (ജേർണൽ നമ്പർ) നൽകി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. മേൽപ്പറഞ്ഞ രീതിയിൽ സർവകലാശാല ഫീസ് ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ അടുത്ത അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതിനായി സർവകലാശാല ഫീസ് മേൽപ്പറഞ്ഞ രീതിയിൽ അടയ്ക്കേണ്ടതാണ്. ഒന്ന്, രണ്ട്, മൂന്ന് ഘട്ടം അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം മാത്രം കോളേജുകളിൽ ഹാജരായാൽ മതി. തങ്ങൾക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ സർവകലാശാല ഫീസ് മേൽപ്പറഞ്ഞ രീതിയിൽ ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കിയ ശേഷം ആവശ്യമെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ ജൂൺ 18 വൈകുന്നേരം 5 മണി വരെ നീക്കം ചെയ്യാവുന്നതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുന്നതും ഇങ്ങനെയുള്ളവർ പുതിയ അലോട്ട്മെന്റിൽ ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

__പ്രത്യേക കുറിപ്പ്__: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

**തിരുവനന്തപുരം.**
12.06.2018

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**അംഗീകാരത്തോടെ,**

**സെക്ഷൻ ഓഫീസർ**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**